പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2199 — 06.02.2019 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം

ചോദ്യം

ശ്രീ.എസ്.ശർമ്മ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം ഇപ്പോൾ എത്രയാണ് ; നഷ്ടം കുറച്ചു കൊണ്ടുവരാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) | പ്രൊവിഷണൽ ലാഭ നഷ്ട കണക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ നഷ്ടം 135.0615 കോടി രൂപയാണ്.<br>(1) സപ്ലൈകോയുടെ നഷ്ടം കുറയ്ക്കുന്നതിന് ഓൺലൈൻ ബില്ലിംഗിലൂടെ സബ്സിഡിയുടെ ദുരുപയോഗം തടയുവാൻ നടപടി സ്വീകരിച്ചു.<br>(2) മെഡിക്കൽ മാവേലി സ്റ്റോർ ലാഭത്തിലാക്കുവാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി.<br>(3) തനത് വരുമാനം വർദ്ധിപ്പിക്കാൻ ഗൃഹോപകരണങ്ങൾ ഉൾപ്പെടെ വിപണനം നടത്തിക്കൊണ്ട് വ്യാപാര മേഖല വിപുലപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു.<br>(4) FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളുടെ കമ്പനികളുമായി നേരിട്ട് വ്യാപാര ഉടമ്പടികൾ ഉണ്ടാക്കി സപ്ലൈകോയുടെ ലാഭം വർദ്ധിപ്പിച്ചു. |
| (ബി) | സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും എത്ര പേരെ ഡെപ്യൂട്ടേഷനിൽ സപ്ലൈകോയിൽ നിയമിച്ചിട്ടുണ്ട്; | (ബി) | സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും അന്യത്ര സേവനവ്യവസ്ഥയിൽ സപ്ലൈകോയിൽ വിവിധ തസ്തികകളിലായി 1138 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാരുടെ ശമ്പളം, പെൻഷൻ വിഹിതം, ശമ്പള കുടിശ്ശിക എന്നീ ഇനങ്ങളിൽ എത്ര തുകയാണ് ബാദ്ധ്യത വരുന്നതെന്ന് വിശദമാക്കാമോ ? | (സി) | 01/2018 മുതൽ 12/2018 വരെയുള്ള കാലയളവിൽ ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് ശമ്പളം ഇനത്തിൽ ചെലവായ തുക 58,70,64,482/- രൂപയും അവരുടെ പെൻഷൻ വിഹിതമായി അടവായ തുക 10,40,19,794/- രൂപയും എൻ.പി.എസ്. ൽ ഉൾപ്പെട്ട ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ഈ കാലയളവിലെ തൊഴിൽ ദാതാവിന്റെ വിഹിതമായി അടവായ തുക 51,21,945/- രൂപയുമാണ്. ശമ്പളം ഇനത്തിൽ കുടിശ്ശികയില്ല. |

സെക്ഷൻ ഓഫീസർ